# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

കരുളായ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ഗവ. ഡി.വി എൽ എസ് എസ് എൽ പി സ്കൂൾ ഉളുന്നൂർ. നൂറ്റാണ്ടിലേറെ പാരമ്പര്യമുള്ള ഈ വിദ്യാലയം പ്രഗത്ഭരും പ്രശസ്തരുമായ ഒട്ടനവധി പ്രതിഭാശാലികൾക്ക് ജന്മം നൽകിയിട്ടുണ്ട്. കർമ്മനിരതമായ പ്രവർത്തനങ്ങളിലൂടെ ഈ സ്കൂൾ ഊർജ്ജസ്വലമായി മുന്നോട്ടുപോകുകയാണ്. പാഠ്യ പാഠ്യേതര മികവിലും കലാ കായിക രംഗങ്ങളിലും അഭിമാനാർഹമായ നേട്ടം കൈവരിക്കാൻ നമുക്കായിട്ടുണ്ട്.

പ്രീപ്രൈമറി, std 1-4 എന്നിവിടങ്ങളിലായി 100 നടുത്ത് കുട്ടികൾ പഠിക്കുന്നു. പ്രധാനാദ്ധ്യാപിക ഉൾപ്പെടെ നാല് അധ്യാപകരും ഒരു PTCM ഉം ഇവിടെയുണ്ട്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കുട്ടികൾ ആർജ്ജിച്ചെടുക്കേണ്ട എല്ലാ ശേഷികളും കൃത്യ സമയത്ത് കൃത്യമായ രീതിയിൽ എത്തിച്ചുകൊടുക്കുന്നതിനാവശ്യ ഭാഷ, ഗണിതം, ഇംഗ്ലീഷ്, പരിസരപഠനം എന്നീ വിഷയങ്ങളിൽ ഉള്ള പ്രവർത്തനങ്ങൾ വിനിമയം ചെയ്യുന്നതിനാവശ്യമുള്ള ഒരു മാർഗ്ഗരേഖയാണിത്. കുട്ടികൾ നേരിട്ട വിഷമതകൾ പ്രയാസങ്ങൾ എന്നിവ മറികടന്ന് അവർക്ക് മുന്നേറാനുള്ള പാത ഒരുക്കുകയാണ് ഈ മാർഗ്ഗരേഖയിലൂടെ ലക്ഷ്യമാക്കുന്നത്.

## പൊതുലക്ഷ്യങ്ങൾ

1. പാഠ്യപദ്ധതി അനുസരിച്ച് ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിൽ ഓരോ കുട്ടിയും ആർജ്ജിക്കേണ്ട പഠന നേട്ടങ്ങൾ പൂർണ്ണമായും അവർക്ക് ലഭ്യമാക്കുക.
2. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും എഴുതാനും വായിക്കാനും ഈ ഭാഷകളിൽ സർഗ്ഗസൃഷ്ടികൾ നടത്താനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
3. കുട്ടികളുടെ സർഗ്ഗപരതവും ബൗദ്ധികവും കായികവുമായ കഴിവുകൾക്ക് പ്രോത്സാഹനം നല്കാൻ അവസരമൊരുക്കി ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
4. വിവിധ മത്സരപരീക്ഷകളിൽ (പ്രത്യേകിച്ചും എൽ എസ് എസ്) ഏറ്റവും കൂടുതൽ കുട്ടികൾക്ക് വിജയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
5. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പൊതുധാരയിൽ കൊണ്ടുവരാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

# ഭാഷ

## മലയാളം

### പ്രവർത്തനങ്ങൾ (I, II Std)

വായനാ സാമഗ്രി നിർമ്മാണം – കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ കുട്ടിക്കവിതകൾ, കഥകൾ, വായനാ കാർഡുകൾ, പദച്ചാർട്ട്, വാക്യങ്ങളെഴുതിയ ചാർട്ട്.

അക്ഷരക്കിറ്റ് – ഓരോ കുട്ടിക്കും അക്ഷരങ്ങൾ, ചിഹ്നങ്ങൾ എഴുതിയ കാർഡ്, ചിത്രം, പേര് ഇവ ഉൾപ്പെടെ.

പഠനോപകരണ നിർമ്മാണം – മാച്ചിംഗ് കാർഡുകൾ, വാക്യകാർഡുകൾ, വർക്ക് ഷീറ്റുകൾ, അഭിനയ കാർഡ്.

കടങ്കഥാ പുസ്തകം – കടങ്കഥ, ഉത്തരം ചിത്രമുൾപ്പെടെ.

കഥ എഴുതാം കവിത എഴുതാം – കഥാചിത്രങ്ങൾ, വാക്യകാർഡുകൾ ഉൾപ്പെടുത്തിയ കിറ്റ് – ഇടയിൽ വിട്ട കഥ പൂരിപ്പിക്കൽ, കവിത പൂരിപ്പിക്കൽ

അക്ഷരമരം – അക്ഷര ചിഹ്നങ്ങൾ എഴുതിയ മരം ക്ലാസ്സിൽ

എന്റെ കഥാപുസ്തകം - കഥാചിത്രങ്ങളൊട്ടിക്കൽ, അനുയോജ്യമായ കഥാഭാഗമെഴുതിയ പുസ്തകങ്ങൾ

ക്ലാസ് ലൈബ്രറി - കുട്ടികൾക്കനുയോജ്യമായ പുസ്തകങ്ങളുൾപ്പെടുത്തിയ ലൈബ്രറി (കഥ, പാട്ട് (ICT - CD) ഉൾപ്പെടെ.

പതിപ്പുകൾ - യൂണിറ്റിലെ ഓരോ തീമുമായി ബന്ധപ്പെടുത്തിയ സൃഷ്ടികൾ

ഇൻലന്റ് മാഗസിൻ - കുട്ടികളുടെ സർഗസൃഷ്ടികൾ ഉൾപ്പെടുത്തിയവ.

ബിഗ് ബുക്ക് - വളരുന്ന പുസ്തകം, ചിത്രപുസ്തകം

## ഇംഗ്ലീഷ്

പ്രവർത്തനങ്ങൾ (I, II)

1. മാച്ചിംഗ് കാർഡ് നിർമ്മാണം
2. WORD GAME - WORD WEB.
3. ഭാഷാകേളികൾ - FLOWERS, VEGETABLES, ANIMALS, BIRDS, VEHICLES.

4. READING MATERIALS - പാഠഭാഗവുമായി ബന്ധപ്പെട്ടവ. SENTENCE CARD
WORD CARD

5. CLASS LIBRARY

6. EASY ENGLISH - പക്ഷികൾ, മൃഗങ്ങൾ etc ചിത്രം, പേര് ഉൾപ്പെടുത്തിയ പുസ്തകം, Wall chart - മികച്ച സൃഷ്ടികളുടെ പ്രദർശനം - English corner.

7. ഇംഗ്ലീഷ് അസംബ്ലി

8. ഇൻലന്റ് മാഗസിൻ.

## പരിസരപഠനം (I & II)

## പ്രവർത്തനങ്ങൾ

1. പ്രകൃതി നടത്തം - ചുറ്റുപാടുമുള്ള വസ്തുക്കളെക്കുറിച്ച് സംസാരിക്കൽ നിരീക്ഷിക്കൽ (പൂക്കൾ, ചെടികൾ, മരങ്ങൾ)
2. വീട് നിർമ്മാണം - വിവിധ വീടുകൾ സന്ദർശനം
   നിരീക്ഷണം - നിരീക്ഷണം, കാർഡ്ബോർഡ്, കടലാസ് തുടങ്ങിയവ ഉപയോഗിച്ചുള്ള വീട് നിർമ്മാണം.

3. പച്ചക്കറി വിശേഷം - തരംതിരിക്കൽ, പച്ചക്കറിത്തോട്ട സന്ദർശനം, കടയിൽ പോയി സാധനങ്ങളുടെ വില അന്വേഷിക്കൽ, കാണൽ, വിവിധ കൃഷികൾ, കൃഷിയുപകരണങ്ങൾ പരിചയപ്പെടൽ.

4. തൊട്ടറിയാം മണത്തറിയാം - പഞ്ചേന്ദ്രിയ വികസനം (പച്ചക്കറികൾ, പഴങ്ങൾ)

5. ജീവികളെ പരിചയപ്പെടൽ - ചുറ്റുപാടുമുള്ളവ നേരിട്ടു കാണൽ ചിത്രത്തിലൂടെ പരിചയപ്പെടൽ, ICT (മൃഗങ്ങളുടെ ശബ്ദങ്ങൾ- കേൾക്കൽ അനുകരിക്കൽ) വന്യജീവി സംരക്ഷണം, കാട് സംരക്ഷണം, ബോധവല്ക്കരണം

6. ശുചിത്വശീലം - വ്യക്തിശുചിത്വം, നല്ല ആരോഗ്യശീലങ്ങൾ (വൃത്തി നമ്മുടെ ശക്തി) നല്ല ആഹാരശീലങ്ങൾ, പരിസരശുചിത്വം - വീട്, സ്കൂൾ, പരിസര ശുചീകരണം, കുട്ടികളുടെ പങ്കാളിത്തം.

7. അറിയാം നമ്മുടെ ജലസ്രോതസ്സുകൾ - കിണർ, കുളം, തോട് സന്ദർശനം
ജലസംരക്ഷണം - ബക്കറ്റിലെ വെള്ളം കപ്പുപയോഗിച്ച് കൈ, പാത്രം ഇവ കഴുകൽ ബാക്കി ജലം ചെടി നനയ്ക്കുന്നതിന്

8. പോസ്റ്റർ - ജലസംരക്ഷണം - ബോധവല്ക്കരണം
ജലമലിനീകരണം - മലിനീകരണം മൂലം രോഗങ്ങൾ

മലിനീകരണം തടയുന്ന പോസ്റ്ററുകൾ.

9. ശ്രദ്ധിക്കാം അപകടം കുറയ്ക്കാം - റോഡ് നിയമങ്ങൾ - നേരിട്ട് കണ്ട് മനസ്സിലാക്കൽ
റോഡ് യാത്ര - കളി വണ്ടികൾ - സിഗ്നൽ ഉപയോഗിച്ച് ട്രാഫിക് പോലീസ്,
ലൈറ്റുകൾ - Role play.

10. പരീക്ഷിക്കാം അറിയാം - വിവിധ വസ്തുക്കൾ ജലത്തിൽ മുങ്ങുന്നതും
പൊങ്ങുന്നതും, അലിയുന്നതും അലിയാത്തതും.

## ഗണിതം (Std I, II)

1. ഗണിത കിറ്റ് - ഓരോ കുട്ടിക്കും സംഖ്യാ കാർഡുകൾ, സംഖ്യാ വ്യാഖ്യാനം
എണ്ണാനുള്ളവ - ശേഖരണം

2. ഗണിത ശേഖരണം - ഗണിത മൂലയിലേക്ക് - അബാക്കസ്, ചിത്ര പാറ്റേൺ,
സംഖ്യാ പാറ്റേൺ, എണ്ണുവാനുപയോഗിക്കുന്ന വിവിധ വസ്തുക്കൾ
(സംഖ്യാ ബോധം വളർത്താനുപയോഗിക്കുന്നവ)
നാണയങ്ങൾ, കലണ്ടർ.

3. ഗണിതകേളി – കുളം/കര, ഒറ്റ/ഇരട്ട, ഹോ കളി, ചുണ്ണിയുംചാമ്പും.
4. രൂപങ്ങൾ നിർമിക്കാം – കടലാസ്, കാർഡ്, ഈർക്കിൽ ഇവ ഉപയോഗിച്ചുള്ളവ
5. ഗണിത കടങ്കഥകൾ – ഓരോ കുട്ടിയും ഗണിതവുമായി ബന്ധപ്പെട്ട കടങ്കഥകൾ ശേഖരിച്ച് അവതരണം
6. ഗണിതപ്പാട്ട് – ശേഖരണം, അവതരണം.

# ഇംഗ്ലീഷ് STD -III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ക്ലാസ് ലൈബ്രറി വികസനം | ജൂൺ - മാർച്ച് | | |
| വായന – നൈപുണി വർദ്ധിപ്പിച്ച് ഒഴുക്കോടെയും | വാർത്താവായന മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | അധ്യാപകർ | |
| | വായനാ ക്ലബ്ബുകൾ | 3 മാസത്തിൽ ഒന്ന് | SSG | |
| | ബാലപ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | അധ്യാപകർ | |

# മലയാളം - STD III

| ലക്ഷ്യം | | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1. | കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അധ്യാപകർ, SMC | SMC |
| | 2. | പുസ്തക ശേഖരണവും പ്രകാശനവും | ജൂൺ മുതൽ ഡിസംബർ വരെ | അധ്യാപകർ SMC | |
| | 3. | ചിത്ര ഗാലറി | ജനുവരി | | SMC |
| വായന പരിപോഷണം | 1. | പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | | |
| | 2. | വായനാ കളരി | ആഴ്ചയിൽ ഒരിക്കൽ | വായനശാല SMC, SRG | ക്ലബ്ബ്, SMC SRG |
| | 3. | നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്റ്റ് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |
| | | | | | |

## ഗണിതം STD III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം. | ഒറിഗാമി ശില്പശാല. രസകരമായി ഗണിതപഠനവും നിർമ്മാണപ്രവർത്തനങ്ങളിലൂടെ ആസ്വാദനവും. ഒറിഗാമി, ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ. | ഒക്ടോബർ | SRG, PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള, ഗണിതോത്സവം | ജനുവരി | SRG ക്ലാസ് ടീച്ചർ | SSA, SMC Staff |

## പരിസരപഠനം STD-III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക. | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പു തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്റ്റ് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ വൈവിധ്യ പാർക്ക് തടയണ, വഴക്കുഴി നിർമ്മാണം ജലസ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അറിയാം.<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

## ഭാഷ Std : IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ. | |
| വായിക്കാം വളരാം<br>വായനാശേഷി വളർത്തൽ. | ക്ലാസ് വായനക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, സംവാദം ആനുകാലിക വായന. | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| റീഡേഴ്സ് തിയേറ്റർ.<br>വായനാശേഷി വളർത്തൽ | ചങ്ങല വായന, മെച്ചപ്പെടുത്തിയ ശേഷം ഗ്രൂപ്പായി കഥകൾ വായിച്ച് രംഗത്ത് അവതരിപ്പിക്കൽ. | പാഠാനുബന്ധമായി. | SRG<br>ക്ലാസ് ടീച്ചർ. | |
| എഴുതാം തെളിയാം<br>എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| കണ്ടറിയാം കേട്ടറിയാം അറിവ് ഡോക്യുമെന്ററിയിലൂടെ. | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകളുടെ പ്രദർശനം സംഘടിപ്പിക്കൽ. | ആവശ്യാനുസരണം | Class teacher | |
| രുചിച്ചറിയാം. നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേളകൾ (നാടൻ വിഭവങ്ങളുടെ) പാചക കുറിപ്പുകളുടെ പതിപ്പുകൾ, ക്ലാസിലൊരു സദ്യ സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ PTA | PTA. |
| ഓർക്കാം അഭിമാനിക്കാം- സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണം. | ഓർമ്മദിനങ്ങൾ ആചരിക്കൽ. ഡോക്യുമെന്ററി പ്രദർശനം, പുസ്തകം / ചിത്രങ്ങൾ പരിചയപ്പെടൽ, ക്വിസ്, പ്രഭാഷണം - ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ | ആവശ്യാനുസരണം. | SRG ക്ലാസ് ടീച്ചർ CPTA. | |
| കലക്കൂട്ട് പാഠഭാഗവുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ പരിചയപ്പെടൽ | കലയുടെ ചിത്രങ്ങൾ ഉപകരണങ്ങൾ, ചമയങ്ങൾ, കലാകാരന്മാർ ഇവ ക്ലാസ് മുറികളിൽ പരിചയപ്പെടുത്തൽ | വർഷത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ CPTA | PTA |
| സർഗ്ഗോത്സവം. ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ അരങ്ങത്ത് അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രകടനം. (പാഠഭാഗവുമായി ബന്ധപ്പെടുത്തി ഉള്ളതാവണം) | വർഷത്തിൽ ഒരിക്കൽ. | SRG ക്ലാസ് ടീച്ചർ CPTA | PTA |

| | | | | |
|---|---|---|---|---|
| കാവ്യോത്സവം<br>കവിതകൾ സ്വയം ഈണം കണ്ടെത്തി അവതരിപ്പിക്കുന്നു. കാവ്യാവിഷ്കാരം നടത്തുന്നു. | പാഠഭാഗത്തിലെ കവിതകൾക്ക് കുട്ടികൾ നിർമ്മിച്ച വാദ്യോപകരണത്തിന്റെ സഹായത്തോടെ ഈണം കണ്ടെത്തുന്നു. വിവിധ ഈണങ്ങൾ കണ്ടെത്തുന്നു. സമാന കവിതകൾ കണ്ടെത്തുന്നു. കാവ്യാവിഷ്കാരം നടത്തുന്നു. | പൊതുയോഗങ്ങളോടും CPTA യോടും അനുബന്ധിച്ച് | SRG<br>ക്ലാസ് ടീച്ചർ<br>CPTA. | |
| സർഗാത്മക ഡയറി.<br>സർഗാത്മക രചനകളെ പ്രോത്സാഹിപ്പിക്കുന്നതിന് | ഡയറി എഴുത്തിനോടനുബന്ധിച്ച് കുട്ടികളുടെ സർഗാത്മക രചനകൾ നടത്തുന്നതിന് അവസരം നൽകൽ | ആഴ്ചയിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ<br>CPTA. | |

ഇംഗ്ലീഷ് std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ലളിതമായി വായിക്കാനും സംസാരിക്കാനും എഴുതുന്നതിനുമുള്ള ശേഷി മെച്ചപ്പെടുത്തൽ. | മാസത്തിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി ചേരൽ. അസംബ്ലിയിൽ പ്രവർത്തനങ്ങൾ പൂർണമായും കുട്ടികളുടെ നിയന്ത്രണത്തിലാവണം. (stories, action songs, news, thoughts. Book reviews etc) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ സർഗാത്മകതാ പരിപോഷണം. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി മാറ്റൽ. (Skit, drama, story telling etc. | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ CPTA | |
| ഇംഗ്ലീഷ് മാഗസിൻ സർഗാത്മക രചനകൾ | കുട്ടികളുടെ ഇംഗ്ലീഷിലുള്ള സ്വന്തം രചനകൾ ഉൾപ്പെടുത്തി മാഗസിൻ നിർമ്മിക്കൽ | വർഷത്തിൽ ഒന്ന്. | ക്ലാസ് ടീച്ചർ CPTA | SRG. |
| ഇംഗ്ലീഷ് കോർണർ വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉപയോഗിച്ച് വായനാമൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, പുസ്തക പരിചയം കുറിപ്പ് | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ CPTA | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഫെസ്റ്റ്<br>ഇംഗ്ലീഷ് നന്നായിഎ<br>ഴുതുവാനും പറയുവാ<br>നും കഴിയുന്ന നിലവാ<br>രത്തിലെത്തിക്കൽ<br>(ഇംഗ്ലീഷ് കൈകാ<br>ര്യം ചെയ്യാൻ ആത്മ<br>വിശ്വാസം ഉണ്ടാക്കൽ | വായനാ മത്സരം സംഘടിപ്പിക്കൽ<br>രചനാ മത്സരങ്ങൾ സംഘടിപ്പിക്കൽ<br>സ്കിറ്റ്, കോൺവർസേഷൻ, ഡ്രാമ,<br>Story telling, തുടങ്ങിയവ കുട്ടികൾ<br>സ്വതന്ത്രമായി അവതരിപ്പിക്കൽ | വർഷത്തിൽ<br>ഒന്ന് | HM<br>ക്ലാസ് ടീച്ചർ<br>SMC. | PTA<br>SRG. |

## ഗണിതം Std: IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളിക്കാം ഗണിക്കാം. ഗണിത പഠനം രസകരമാക്കൽ / ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ, ഗണിതവിജയം പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തൽ (കളിനോട്ടുകൾ, ബാങ്കിംഗ് സംഖ്യാ സ്ലിപ്പ്, കുറയ്ക്കാം മറയ്ക്കാം etc. | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | SRG |
| ഗണിത കിറ്റ് ഗണിതപഠനം സുതാര്യമാക്കൽ | കമ്പുകെട്ടുകൾ, കളിനോട്ടുകൾ, സ്ഥാനവില പോക്കറ്റ്, സംഖ്യാ സ്ട്രിപ്പുകൾ എന്നിവ സ്വയം നിർമ്മിച്ച് പഠനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ CPTA | PTA |
| ഗണിതലാബ്. ഗണിത പഠനം ലളിതമാക്കുന്നതിന് | ഗണിത ലാബ് ഒരുക്കൽ- പഠനപ്രവർത്തനങ്ങൾക്ക് ആവശ്യാനുസരണം പ്രയോജനപ്പെടുത്തൽ | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ CPTA | |
| ശില്പശാല. ഗണിതപഠനത്തിനായി ഉപകരണങ്ങൾ നിർമ്മിക്കൽ | 12 മണിക്കൂർ, 24 മണിക്കൂർ ക്ലോക്കുകൾ സമയ നാടകൾ (am/pm strips) അബാക്കസുകൾ എന്നിവ നിർമ്മിക്കൽ. | വർഷത്തിൽ ഒരിക്കൽ | SRG CPTA | SRG |

## പരിസരപഠനം std: IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| നിരീക്ഷണം - അറിവുനിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | | HM<br>CPTA | |
| ശാസ്ത്രമേള<br>ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാധന സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | |
| ശാസ്ത്രകിറ്റ് (പരിസരപഠന കിറ്റ്)<br>പരിസരപഠനത്തിലെ പരീക്ഷണ നിരീക്ഷണ സാമഗ്രികൾ ശേഖരിക്കാൻ | പാഠാനുസൃതമായി നിരീക്ഷണത്തിനും പരീക്ഷണത്തിനുമുള്ള സാമഗ്രികൾ ശേഖരിച്ചു വെക്കലും ഉപയോഗപ്പെടുത്തലും. | വർഷം മുഴുവൻ | SRG<br>ക്ലാസ്ടീച്ചർ | |

| | | | | |
|---|---|---|---|---|
| ശാസ്ത്രയാത്ര.<br>ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ, അന്വേഷണ ത്വര വളർത്തൽ. | സയൻസ് പാർക്ക്, വാനനിരീക്ഷണ കേന്ദ്രം എന്നിവ സന്ദർശിക്കൽ. | പാഠഭാഗത്തിനനുസരിച്ച് | SRG<br>CPTA.<br>ക്ലാസ് ടീച്ചർ | PTA |
| ഭൂപടമൊരുക്കാം.<br>കേരളം, ഇന്ത്യ, ജില്ല, പഞ്ചായത്ത് ഭൂപടവായന സൂചിക തയാറാക്കൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചിക നിർമ്മാണം | പാഠാനുബന്ധമായി. | SRG<br>ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ | |
| ശാസ്ത്ര വിസ്മയച്ചുവർ<br>ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്രവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | |
| ശാസ്ത്രോത്സവം.<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പുകൾ, ചാർട്ട്, ആൽബങ്ങൾ, പരീക്ഷണങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | വർഷത്തിലൊരിക്കൽ | SRG<br>ക്ലാസ് ടീച്ചർ | PTA. |
| ശാസ്ത്ര മാസിക.<br>ശാസ്ത്രത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികകൾ നിർമ്മിക്കുന്നു. | വർഷത്തിൽ ഒന്ന് | HM<br>SRG.<br>ക്ലാസ് ടീച്ചർ | PTA. |

# ഉപസംഹാരം

വിദ്യാലയ മികവ് എന്നതുകൊണ്ട് ലക്ഷ്യമിടുന്നത് അക്കാദമിക മികവ് തന്നെയാണ്. കുട്ടി നേടേണ്ട പഠനനേട്ടങ്ങളോടൊപ്പം സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

അധ്യാപകരുടെയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സർക്കാരിന്റെയും കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ നമുക്കിത് പൂർണ്ണ ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിക്കുകയുള്ളൂ.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള മാർഗ്ഗരേഖ പൊതുസമൂഹത്തിന് മുമ്പിൽ സമർപ്പിക്കുന്നു.